# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ :75

നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

കർത്താവിൽ പ്രിയരെ,

128-ാമത് മാരാമൺ കൺവൻഷൻ 2023 ഫെബ്രുവരി മാസം 12-ാം തീയതി ഞായറാഴ്ച മുതൽ 19-ാം തീയതി ഞായറാഴ്ച വരെ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നു. 12-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് കൂടുന്ന യോഗത്തിൽ കൺവൻഷന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്. ഈ വർഷത്തെ കൺവൻഷനിൽ ബിഷപ്പ് ദിലോരാജ് ആർ. കനഗസാബെ (ശ്രീലങ്ക), റവ.മാർക്ക് ഡി. ചാപ്മാൻ (ഇംഗ്ലണ്ട്), ബിഷപ്പ് റാഫേൽ തട്ടിൽ,ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പൊലീത്താ,സഖറിയ മാർ സേവേറിയോസ് മെത്രാപ്പൊലീത്താ, ബിഷപ്പ് മാർ തോമസ് തറയിൽ എന്നിവർ മുഖ്യ പ്രസംഗകരായിരിക്കും. നമ്മുടെ സഭയിലെ അഭിവന്ദ്യ തിരുമേനിമാരും ഇതര സഭകളിലെ മേൽപ്പട്ടക്കാരും വിവിധ യോഗങ്ങളിൽ പ്രസംഗിക്കും.

തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ 7.30ന് ബൈബിൾ ക്ലാസ്സുകൾ പന്തലിൽ നടക്കും. സ്ത്രീകൾക്കും പുരുഷന്മാർക്കും സംയുക്തമായാണ് ഈ വർഷവും ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്.റവ.ഡോ.മോത്തി വർക്കി,റവ.ഷിബി വർഗ്ഗീസ് എന്നിവർ ബൈബിൾ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും. കുട്ടികൾക്കുള്ള യോഗം സി.എസ്.എസ്.എമ്മിന്റെ നേതൃത്വത്തിൽ രാവിലെ 7.30 മുതൽ 8.30 വരെ കുട്ടിപ്പന്തലിൽ നടത്തുന്നതാണ്. എല്ലാ ദിവസവും രാവിലത്തെ പൊതുയോഗം 9.30 ന് ഗാനശുശ്രൂഷയോടുകൂടി ആരംഭിച്ച് 12 മണിക്ക് പര്യവസാനിക്കും. സായാഹ്നയോഗങ്ങൾ വൈകിട്ട് 5 ന് ഗാനശുശ്രൂഷയോടുകൂടി ആരംഭിച്ച് 6.30 ന് സമാപിക്കും. തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ ഉച്ചകഴിഞ്ഞ് 2.30 ന് കുടുംബവേദി യോഗങ്ങളും ബുധനാഴ്ച 2.30 ന് ലഹരിവിമോചന കൂട്ടായ്മയും, വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ 2.30 ന് യുവവേദി യോഗങ്ങളും പന്തലിൽവച്ച് നടത്തുന്നതാണ്. ബുധൻ മുതൽ ശനി വരെ വൈകിട്ട് 7:00 മുതൽ 8.30 വരെയുള്ള സമയം ഭാഷാഅടിസ്ഥാനത്തിൽ ഉള്ള മിഷൻ ഫീൽഡ് കൂട്ടായ്മ ഹിന്ദി, തെലുങ്ക്, തമിഴ്, കന്നഡ എന്നീ ക്രമത്തിൽ പ്രത്യേക യോഗങ്ങളായി ക്രമീകരിച്ചിരിക്കുന്നു. പൂർണ്ണസമയം സുവിശേഷവേലയ്ക്കു സമർപ്പിക്കുന്ന 12 വയസിന് താഴെയുള്ള കുട്ടികളുടെ പ്രതിഷ്ഠാ ശുശ്രൂഷ ഫെബ്രുവരി 17 വെള്ളിയാഴ്ചയും 12 വയസിന് മുകളിൽ പ്രായമുള്ളവരുടെ പ്രതിഷ്ഠാ ശുശ്രൂഷ ഫെബ്രുവരി 18 ശനിയാഴ്ചയും രാവിലെ 7.30 ന് കോഴഞ്ചേരി സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ നടക്കും.

മാരാമൺ കൺവൻഷനിലെ അച്ചടക്കം അഭംഗുരം നിലനിർത്തുവാൻ ഏവരും ശ്രദ്ധിക്കണം. പന്തലും പരിസരവും വിശുദ്ധമാണെന്ന ചിന്ത ഏവരേയും ഭരിക്കണം. ഒരു ആരാധനാലയത്തിൽ ഉപയോഗിക്കുന്നതിനു യോഗ്യമായ വസ്ത്രധാരണം ആയിരിക്കാൻ പുരുഷന്മാരും സ്ത്രീകളും പ്രത്യേകം ശ്രദ്ധിക്കണം. അമിതമായി ആഭരണങ്ങൾ അണിയുന്നതിനുള്ള പ്രവണത ഉപേക്ഷിച്ച് സാമൂഹ്യവിരുദ്ധർക്ക് അവസരം നൽകാതിരിപ്പാൻ ശ്രദ്ധിക്കണം. യോഗങ്ങളുടെ ഇടവേളകൾ പ്രാർത്ഥനയ്ക്കും ആത്മീയ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിനും ആളാംപ്രതി സുവിശേഷവേലയ്ക്കുമായി പ്രയോജനപ്പെടുത്തേണ്ടതാണ്. മണൽപ്പുറത്തും പരിസരപ്രദേശങ്ങളിലും ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും പുകയിലയുടെ ഉപയോഗവും വർജ്ജിക്കുന്ന ശ്രേഷ്ഠപാരമ്പര്യം നിലനിർത്തുവാൻ ശ്രദ്ധിക്കണം. കൺവൻഷൻ പരിസ്ഥിതി സൗഹൃദമായും ഹരിത നിയമാവലി അനുസരിച്ചും നടത്തുന്നതിൽ എല്ലാവരുടേയും സഹകരണം ഉണ്ടാകണം. ഫ്ളെക്സുകൾ, പരസ്യബോർഡുകൾ എന്നിവ കൺവൻഷൻ മണൽപ്പുറത്ത് പ്രദർശിപ്പിക്കാതിരിക്കുന്നതിൽ എല്ലാവരും ജാഗ്രത പുലർത്തണം. ഭക്ഷണപദാർത്ഥങ്ങൾ പൊതിഞ്ഞുകൊണ്ടുവരുന്ന പത്രക്കടലാസുകളും ഇരിക്കുവാനായി ഉപയോഗിക്കുന്ന പത്രക്കടലാസുകൾ ഉൾപ്പെടെയുള്ളവയും അവ ഉപയോഗിക്കുന്നവർ സ്വയം എടുത്ത് പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന മാലിന്യ സംഭരണികളിൽ ഇടുവാൻ ജാഗ്രത പുലർത്തണം. മണൽപ്പുറത്തും ഇരുകരകളിലും സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ക്രമീകരിച്ചിരിക്കുന്ന ശൗചാലയങ്ങളും ഇ-ടോയ്ലറ്റുകളും മാത്രം ഉപയോഗിക്കേണ്ടതാണ്. ശുദ്ധജലം ലഭ്യമാക്കുന്ന ടാപ്പിലെ ജലം കുടിവെള്ളത്തിനായി മാത്രമേ ഉപയോഗിക്കാവൂ. മറ്റു പൈപ്പുകളിൽനിന്നുള്ള ജലം മുഖം കഴുകുവാനോ കൈ കഴുകുവാനോ ഉപയോഗിക്കാവുന്നതാണ്.

ഫെബ്രുവരി 12 ന് നടക്കുന്ന ഉദ്ഘാടന യോഗത്തിലും വെള്ളി, ശനി, ഞായർ എന്നീ ദിവസങ്ങളിലെ രാവിലത്തെ യോഗങ്ങളിലും ആണ് സ്തോത്രകാഴ്ച സ്വീകരിക്കുന്നത്. മറ്റുയോഗങ്ങളിൽ സംബന്ധിക്കുന്നവർക്ക് പന്തലിൽ ക്രമീകരിച്ചിരിക്കുന്ന പെട്ടികളിലും സ്തോത്രകാഴ്ച സമർപ്പിക്കാവുന്നതാണ്. യോഗത്തിൽ സംബന്ധിച്ച് സ്തോത്രകാഴ്ച അർപ്പിക്കുവാൻ സാധിക്കാത്തവർക്ക് പേമെന്റ് ഗേറ്റ്‌വേ സംവിധാനത്തിലൂടെ ആ സമയംതന്നെ ഓൺലൈനായി സ്തോത്രകാഴ്ച അർപ്പിക്കുന്നതിനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്. സ്തോത്രകാഴ്ച സുവിശേഷ പ്രസംഗസംഘം ഓഫീസിലേക്ക് (ജനറൽ സെക്രട്ടറി, മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം, തിരുവല്ല-689101 എന്ന വിലാസത്തിൽ) നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്. കേരളത്തിന് പുറത്തുള്ള ചില ഇടവകകൾ കൺവൻഷൻ ആഴ്ചയിലുള്ള ആരാധനാവേളകളിൽ പ്രത്യേക സ്തോത്രകാഴ്ച എടുത്ത് മാരാമൺ കൺവൻഷൻ സ്തോത്രകാഴ്ചയായി സുവിശേഷസംഘം ഓഫീസിൽ അയച്ചുകൊടുക്കുന്ന പതിവുണ്ട്. ആയത് ഇതര ഇടവകകളും പിന്തുടരുന്നത് അഭികാമ്യമാണ്. കൺവൻഷൻ ചെലവുകൾക്കായി ഉപയോഗിച്ചതിനു ശേഷമുള്ള സ്തോത്രകാഴ്ച സുവിശേഷവേലയ്ക്കായും സഭയിലെ അംഗീകൃത സംഘടനകളുടെ പ്രവർത്തനങ്ങൾക്കായും നിശ്ചിത വ്യവസ്ഥയിൽ വിഭാഗിച്ചു കൊടുക്കുന്നതാണ്.

ഈ വർഷത്തെ മാരാമൺ കൺവൻഷനിലൂടെ സഭയ്ക്കും സമൂഹത്തിനും ദേശത്തിനും ഉണർവ്വും പുതുജീവനും ലഭിപ്പാൻ ഏവരും നിരന്തരമായി പ്രാർത്ഥിക്കണം. അതിനായുള്ള ഒരുക്കപ്രാർത്ഥനകൾ ക്രമീകരിക്കുന്നതിനും അതിൽ പങ്കെടുക്കുന്നതിനും എല്ലാവരും ഉത്സാഹിക്കണം. സമർപ്പണത്തോടും പ്രാർത്ഥനയോടുംകൂടി ഈ വർഷത്തെ കൺവൻഷനിൽ നമുക്ക് പങ്കെടുക്കാം.

കൃപ നിങ്ങളേവരോടുംകൂടി ഇരിക്കുമാറാകട്ടെ.

എന്ന് 2023 ജനുവരി 17-ാം തീയതി തിരുവല്ല പൂലാത്തീനിൽനിന്നും

Theodosius Metropolitan

**ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**